ഉത്തരം

(എ) 5981 കള്ളുഷാപ്പുകളും 245 വിദേശമദ്യഷാപ്പുകളും

(ബി) 445

(സി) 60

(ഡി) 750

(ഇ) വിവരം ശേഖരിച്ചുവരുന്നു.

31 (323) മദ്യദുരന്തം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങളിൽ മദ്യദുരന്തങ്ങളുണ്ടായിട്ടുണ്ടെന്നും എത്ര പേർ മരിച്ചുവെന്നും അറിയിക്കുമോ;

(ബി) ഇപ്രകാരമുള്ള കേസുകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ചാരായം ഉണ്ടാക്കുകയും കൈവശം സൂക്ഷിക്കുകയും ചെയ്തത് സംബന്ധിച്ച് ഓരോ ജില്ലയിലും എത്രകേസുകൾ വീതം 31.5.99 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇപ്രകാരം രജിസ്റ്റർ ചെയ്ത എത്ര കേസുകളിൽ എത്ര പേർക്ക് ശിക്ഷ ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഇ) അബ്കാരി ആക്ടിലെ 10,13 വകുപ്പുകൾ ഭേദഗതി ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) അപ്രകാരമൊരു ഭേദഗതി വരുത്താനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ജി) ചാരായ നിരോധനം പിൻവലിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ നാലു പേരും ആലപ്പുഴ ജില്ലയിൽ അഞ്ചുപേരും കോട്ടയം ജില്ലയിൽ ഏഴുപേരും തൃശ്ശൂർ ജില്ലയിൽ നാലു പേരും ഉൾപ്പെടെ 20 പേർ മരിച്ചതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ബി) അബ്കാരി ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചും ക്രിമിനൽ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1997 ജനുവരി 1 മുതൽ 1999 മേയ് 31 വരെ എക്സൈസ് വകുപ്പ് കണ്ടു പിടിക്കപ്പെട്ട കേസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇല്ല.

32 (324) സംസ്ഥാനത്തു നടന്ന മദ്യദുരന്തങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മദ്യദുരന്തത്തിൽ എത്ര പേർ മരണമടഞ്ഞു;ഇവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) കേരളത്തിൽ നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും വ്യാജചാരായം വില്പന നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) മദ്യത്തിൽ മായം ചേർത്താൽ നിലവിലുള്ള അബ്കാരിനിയമമനുസരിച്ച് നല്കാവുന്ന ശിക്ഷ എന്താണ്;

(എഫ്) ഈ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്നും ഇതിൽ എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ആകെ 20 പേർ മരണമടഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഇവരുടെ പേരുവിവരം ശേഖരിച്ചുവരുന്നു.

(ബി) കുറ്റക്കാർക്കെതിരെ അബ്കാരി ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചും ക്രിമിനൽ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചും നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേരളത്തിൽ ചില സ്ഥലങ്ങളിൽ വ്യാജചാരായ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി. കുറ്റക്കാർക്കെതിരെ അബ്കാരി ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പരമാവധി 10 വർഷം കഠിന തടവും 1 ലക്ഷം രൂപ പിഴയും.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly